പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5586 — 18/11/2019 ൽ മറുപടി നല്കേണ്ടത്.

## മെന്റൽ ഹെൽത്ത് കെയർ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.മുഹമ്മദ് മുഹസിൻ പി.** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) 2017 ൽ കേന്ദ്ര സർക്കാർ ആരംഭിച്ച മെന്റൽ ഹെൽത്ത് കെയർ പദ്ധതി സംസ്ഥാനത്ത് നടപ്പിലാ-ക്കാൻ സർക്കാർ ഉദ്ദേശി ക്കുന്നു ണ്ടോ; | എ) മെന്റൽ ഹെൽത്ത് കെയർ ആക്ട് 2017, 29.05.2018 ൽ രാജ്യത്തൊട്ടാകെ നിലവിൽ വന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ്, സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി, എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| ബി) മെന്റൽ ഹെൽത്ത് കെയർ അതോറിറ്റി രൂപീകരിക്കു ന്നതിന് സർക്കാർ നടപടി കൾ സ്വീകരിക്കുമോ; | ബി) 16.07.2019 തീയതിയിലെ SRO No.486/2019 നോട്ടിഫിക്കേഷൻ പ്രകാരം, സംസ്ഥാനത്ത് പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് (ചെയർമാൻ), ജോയിന്റ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസ് എന്നിവർ (ഔദ്യോഗിക അംഗങ്ങൾ) ആയിട്ടുള്ള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി അതോറിറ്റിയിലേക്കുള്ള ബാക്കി (ഔദ്യോഗികവും അനൗദ്യോഗികവും) ആയ അംഗങ്ങളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) പുതിയ ആർ. പി. ഡബ്ല്യൂ. ഡി. ആക്ട് പ്രകാരം ഡിസെബിലിറ്റി ബോർഡ് പരിഷ്കരിക്കുന്നതിനും അതുപ്രകാരം ഡിസെബി | സി) The Rights of Persons With Disabilities Act 2016 പ്രകാരം കേന്ദ്ര സർക്കാർ വൈകല്യ നിർണ്ണയത്തിനും മെഡിക്കൽ ഡിസെബിലിറ്റി ബോർഡ് രൂപീകരണത്തിനുമായിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

ലിറ്റി സർട്ടിഫിക്കറ്റ് നൽ കുന്നതിനും അതിന് പ്രാപ്ത രായ മെന്റൽ സൈക്കോളജിസ്റ്റ് ഉൾപ്പെട്ടുകൊണ്ടുള്ള ബോർഡ് രൂപീകരിക്കുന്നതിനും സർക്കാർ മുൻകൈ എടുക്കുമോ?

പ്രസ്തുത മാർഗ്ഗനിർദ്ദേശ പ്രകാരമാണ് മെഡിക്കൽ ഡിസെബിലിറ്റി ബോർഡ് രൂപീകരിക്കേണ്ടത്. ആയത് സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു.

ഡി) ബോർഡിൽ മെന്റൽ സൈക്കോളജിസ്റ്റ് ഇല്ലാത്തതുകൊണ്ട് ഭിന്നശേഷിയുള്ള വ്യക്തികൾക്ക് അർഹതപ്പെട്ട ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇ) ഉണ്ടെങ്കിൽ ഇത്തരത്തിൽ മെന്റൽ സൈക്കോളജിസ്റ്റുകളെ എല്ലാ താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഉൾപ്പെടുത്തി ബോർഡ് പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഡി) & ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ